(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി. 2 /1141/2017 കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

തിരുവനന്തപുരം, തീയതി: 04-08-2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന),

ആര്യങ്കോട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ആര്യങ്കോട് ഗ്രാമപഞ്ചായത്ത് - 2016-17സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ആര്യങ്കോട് ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) - ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികയിലേക്ക് പ്രത്യേകം ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

പകർപ്പ് :

1) സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം),

2) ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത്, തിരുവനന്തപുരം,

3) കാര്യാലയ പകർപ്പ്,
4) സ്പെയർ.

നം.കെ.എസ്.എ.റ്റി.വി.എം/ജി.പി.2/1141/2017 തീയതി: 04.08.2017

തിരുവനന്തപുരം ജില്ലയിലെ ആര്യങ്കോട് ഗ്രാമപഞ്ചയത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ ആര്യങ്കോട് ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.2016 മുതൽ 13.05.2017 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 11 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. പ്രസ്തുത മറുപടികളും വിശദീകരണങ്ങളും പരിഗണിച്ചുകൊണ്ടാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.എ.ജമാലുദീൻ, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 15-05-2017മുതൽ 25-05-2017വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | 1. ശ്രീമതി.ലതാകുമാരി.എം, ഓഡിറ്റ് ഓഫീസർ |
| | 2. ശ്രീ.സുരേഷ് ബാബു, സീ.ഗ്രേ. ഓഡിറ്റർ |
| | 3. ശ്രീ.കോസല രാമദാസ്.കെ, സീ.ഗ്രേ. ഓഡിറ്റർ |
| | 4. ശ്രീ. ശിവനാഥൻ.എ, ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.കെ.അനിൽ,<br>എ.എം.ഭവൻ, തുടലി,<br>ഡാലുംമുഖം - പി.ഒ. | 01-04-2016മുതൽ<br>31-03-2017വരെ |
| സെക്രട്ടറി | ശ്രീ. എസ്.ഒ. ഷാജികുമാർ,<br>എസ്.എസ്.ഭവൻ, തിരുപുറം, | 01-04-2016മുതൽ<br>31-03-2017വരെ |

| | | |
|---|---|---|
| | തിരുപുറം-പി.ഒ. | |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | ഉദ്യോഗസ്ഥന്റെ പേര്,വിലാസം | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | 1. ശ്രീമതി. ശ്രീലത,<br>ശ്രീപതി ഭവൻ, റ്റി.സി-53/935(3),<br>കുരുമി, നേമം പി.ഒ | 01-04-2016മുതൽ<br>17-01-2017വരെ |
| | 2. ശ്രീ. ശശികുമാർ.എസ്,<br>ശ്രീരാഗം, മൈലക്കര | 18-01-2017മുതൽ<br>31-03-2017വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (എ-സർക്കിൾ) | ശ്രീ.രാജേഷ്.എം, ഉത്രം,<br>വഴഌർക്കോണം, ശാന്തൻമൂല,<br>മലയിൻകീഴ് പി.ഒ. | 01-04-2016മുതൽ<br>31-03-2017വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (ബി-സർക്കിൾ) | ശ്രീ. മഹേഷ്.എസ്, പ്ലാവിള<br>പുത്തൻവീട്, അലൈറ്റി,<br>പുളിയറക്കോണം പി.ഒ. | 01-04-2016മുതൽ<br>31-03-2017വരെ |
| ഐ.സി.ഡി. എസ്. സൂപ്പർവൈസർ | 1. ശ്രീമതി. ലാൽസി റാണി,<br>എസ്.എൽ.ഭവൻ, പ്ലാവൂർ,<br>ആമച്ചൽ പി.ഒ. | 01-04-2016മുതൽ<br>04-08-2016വരെ |
| | 2. ശ്രീമതി.മേരി പുഷ്പ ജയന്തി,<br>റിഥം, ആറയൂർ, ആറയൂർ പി.ഒ. | 05-08-2016മുതൽ<br>15-12-2016വരെ |
| | 3. ശ്രീമതി. സിന്ധു. എൽ, അച്ചുതം,<br>മൈലച്ചൽ, ഒറ്റശേഖരമംഗലം പി.ഒ. | 16-12-2016മുതൽ<br>31-03-2017വരെ |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി | ഡോ. മഞ്ചു മോഹൻദാസ്,<br>ബെദ്സെയ്ദ, ചാമവിള, പൂവച്ചൽ,<br>കാട്ടാക്കട പി.ഒ | 01-04-2016മുതൽ<br>31-03-2017വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | ഡോ.മീര നായർ. എൽ, ഉഷസ്സ്,<br>റ്റി.സി-20/1724, പൂജപ്പുര പി.ഒ,<br>തമലം, തിരുവനന്തപുരം | 01-04-2016മുതൽ<br>31-03-2017വരെ |

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. കവിത. വി.എസ്,<br>മുകുന്ദ വിലാസം, നാലാഞ്ചിറ- പി.ഒ,<br>തിരുവനന്തപുരം - 15 | 01-04-2016മുതൽ<br>31-03-2017വരെ |
| ഹെഡ്മാസ്റ്റർ<br>(ജി.എച്ച്.എസ്.എസ്.<br>മൈലച്ചൽ) | ശ്രീമതി. മായ.പി,<br>ഉഷ സദനം,<br>ത്തുങ്ങാമ്പാറ, കണ്ടല പി.ഒ. | 01-04-2016മുതൽ<br>31-03-2017വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | 1. ശ്രീമതി. മിത്ര.വി, സൗപർണിക,<br>വെള്ളച്ചാൽ, കോടക്കാട് പി.ഒ,<br>കാസർകോട് ജില്ല | 01-04-2016മുതൽ<br>31-05-2016വരെ |
| | 2. ശ്രീ.പ്രവീൺകുമാർ (ചാർജ്),<br>റാന്നി/പഴവങ്ങാടി, പത്തനംതിട്ട | 01-06-2016മുതൽ<br>28-09-2016വരെ |
| | 3. ശ്രീമതി.ഗായത്രി (ചാർജ്), | 29-09-2016മുതൽ<br>04-11-2016വരെ |
| | 4. ശ്രീമതി.സരിത, അഭിരാമം,<br>പറവോട്ടുകോണം, ധനുവച്ചപുരം,<br>അമരവിള പി.ഒ. | 05-11-2016മുതൽ<br>31-03-2017വരെ |
| വെറ്ററിനറി സർജൻ | 1. ഡോ.കോലപ്പൻ, 2/73 സി.വെസ്റ്റ്-<br>സ്ട്രീറ്റ്, പറക്കായ് പി.ഒ,<br>കന്യാകുമാരി ജില്ല. | 01-04-2016മുതൽ<br>14-10-2016വരെ |
| | 2. ഡോ.റ്റെസ്സി | 15-10-2016മുതൽ<br>18-11-2016വരെ |
| | 3. ഡോ. മിനി.എസ്, സന്തോഷ് -<br>വിലാസം, പ്ലാങ്കാല , ചെങ്കൽ പി.ഒ. | 19-11-2016മുതൽ<br>31-03-2017വരെ |

ഉള്ളടക്കം

| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|

| | | | |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തനത് വരുമാനം. | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| | ഭാഗം 2 | | |
| 12 | തൊഴിൽ നികുതി - അപാകതകൾ | 2-1 | |
| 13 | ട്യൂട്ടോറിയൽ കോളേജുകളിൽ നിന്ന് രജിസ്ട്രേഷൻ/ലൈസൻസ് ഫീസ് ഈടാക്കുന്നില്ല | 2-2 | |
| 14 | പഞ്ചായത്ത് പരിധിയിൽ രജിസ്ട്രേഷനില്ലാതെ പാരാമെഡിക്കൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. | 2-3 | |
| 15 | ഗ്രാമപഞ്ചായത്ത് പരിധിയിലെ മുഴുവൻ കച്ചവട സ്ഥാപനങ്ങൾക്കും ലൈസൻസ് (ഡി.ആന്റ്.ഒ.ലൈസൻസ്) നൽകിയിട്ടില്ല | 2-4 | |
| 16 | മൊബൈൽ ടവറുകളിൽ നിന്ന് കുടിശ്ശികയില്ലാതെ വസ്തുനികുതി പിരിച്ചെടുക്കുന്നില്ല. | 2-5 | |
| 17 | വസ്തുനികുതി കുടിശ്ശിക – 1184840/- രൂപ | 2-6 | |
| 18 | തനതു വരുമാനം ഒരു ബാങ്ക് അക്കൗണ്ടിൽ സൂക്ഷിക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ് | 2-7 | |
| 19 | കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിക്കുന്നത് സംബന്ധിച്ച് - ഓഡിറ്റ് അവലോകനം | 2-8 | |
| 20 | ഷോപ്പിംഗ് കോംപ്ലക്സ് - കുടിശ്ശിക 19,413/-രൂപ | 2-9 | |
| | ഭാഗം 3 | | |
| 21 | അനുവദനീയമായതിലും കുറവ് സിമന്റ് ഉപയോഗിച്ചു. കൺവീനർക്ക് അധിക തുക നല്കി - നഷ്ടം - 38207/- | 3-1 | |
| 22 | വി.ഇ.ഒ. കാഷ്ബുക്ക് കൃത്യതയോടെ തയ്യാറാക്കി സൂക്ഷിക്കുന്നില്ല | 3-2 | |
| 23 | അംഗനവാടി കുട്ടികൾക്ക് ടി.എച്ച്.ആർ.മിശ്രിതം (ന്യൂട്രിമിക്സ്) - ഗുണനിലവാരം ഉറപ്പ് വരുത്തുന്നില്ല | 3-3 | |
| 24 | അംഗനവാടികൾക്ക് സ്വന്തമായി കെട്ടിടങ്ങൾ നിർമ്മിക്കേണ്ടതാണ് | 3-4 | |
| 25 | അംഗീകാരം ലഭിച്ച 192പദ്ധതികളിൽ 92പദ്ധതികൾ നടപ്പിലാക്കിയില്ല | 3-5 | |
| 26 | പൊതുടാപ്പുകളുടെ വെള്ളക്കരം - സംയുക്ത പരിശോധന നടത്തിയിട്ടില്ല | 3-6 | |
| 27 | ഹരിത കേരള മിഷൻ ഫണ്ട് പദ്ധതി മാതൃകാപരം - പൂർണമായും നടപ്പിലാക്കേണ്ടതാണ് | 3-7 | |
| 28 | സി.ഡി.എസ് - ഓഫീസ് കെട്ടിടത്തിൽ സൂക്ഷിച്ചിരിക്കുന്ന തയ്യൽ മെഷീനുകൾ ലേലം ചെയ്തിട്ടില്ല | 3-8 | |

| | | | |
|---|---|---|---|
| 29 | സി.ഡി.എസ്. മന്ദിരം - ഹാൾ അനധികൃതമായി വാടകക്ക് നൽകുന്ന പ്രവണത ഒഴിവാക്കേണ്ടതാണ് | 3-9 | |
| 30 | പഞ്ചായത്ത് കെട്ടിടത്തിൽ പ്രവർത്തിക്കുന്ന വില്ലേജ് ഓഫീസ് - വാടക ഈടാക്കേണ്ടതാണ്. | 3-10 | |
| 31 | ഗ്രാമകേന്ദ്രങ്ങൾ - വൈദ്യുതീകരണം പൂർത്തീകരിക്കുന്നതിന് മുമ്പ് കമ്പ്യൂട്ടർ വാങ്ങി - പദ്ധതി നടപ്പാക്കിയതിൽ വീഴ്ച | 3-11 | |
| 32 | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ - നാളിതുവരെ മരുന്ന് ലഭ്യമായിട്ടില്ല | 3-12 | |
| 33 | ഇടവാൽ ശിശുമന്ദിരം, കുറ്റിയാനിക്കാട് അംഗനവാടി - ഭൗതിക സാഹചര്യം മെച്ചപ്പെടുത്തേണ്ടതാണ് | 3-13 | |
| 34 | മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 3-14 | |
| 35 | ആയുർവ്വേദ ആശുപത്രിക്ക് ഡി.ഡി.പ്രകാരമുള്ള മുഴുവൻ തുകക്കും മരുന്ന് ലഭ്യമാക്കിയിട്ടില്ല- 2,60,746/-രൂപ തടസ്സപ്പെടുത്തുന്നു | 3-15 | |
| | ഭാഗം 4 | | |
| 36 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 37 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 38 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 39 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 | |
| 40 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 41 | ഓഡിറ്റ് റിക്കവറി | 4-6 | |
| 42 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 | |
| 43 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 44 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17സാമ്പത്തിക വർഷത്തെ ബജറ്റ് 04-03-2016തീയതിയിലെ 2-ാംനമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരം മുന്നിരിപ്പ് ഉൾപ്പെടെ പ്രതീക്ഷിത വരവ് 15,27,62,814/-രൂപയും പ്രതീക്ഷിത ചെലവ് 15,05,93,405/- രൂപയും നീക്കിയിരിപ്പ് 21,69,404/- രൂപയുമായിരുന്നു. എന്നാൽ റസീപ്റ്റ്സ് ആന്റ് പേമെന്റ്സ് പ്രകാരം മുന്നിരിപ്പ് ഉൾപ്പെടെയുള്ള വരവ് 5,87,11,867/-രൂപയും ചെലവ് 4,98,25,059/-രൂപയും നീക്കിയിരിപ്പ് 66,46,478/-രൂപയുമാണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2017 | 15-05-2017 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ്

## നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2016-17 | 20-05-2017 | - |

(ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് - എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ് എന്നിവയുടെ പകർപ്പ് ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ ഈ റിപ്പോർട്ടിന്റെ അനുബന്ധമായി ചേർത്തിരിക്കുന്നു)

## 1-4 സാമ്പത്തിക വിശകലനം

| | | |
|---|---|---|
| മുന്നിരിപ്പ് | | 10184535 |
| വരവ് | | 48527332 |
| ആകെ | | 58711867 |
| ചെലവ് | | 49825059 |
| നീക്കിയിരിപ്പ് | | 8886808 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻ വർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസന ഫണ്ട് (പൊതുവിഭാഗം) | 3384041 | 12237178 | 15621219 | 15621219 | 0 | 100 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 2221273 | 2221273 | 2221273 | 0 | 100 |
| വികസന ഫണ്ട് (ടി.എസ്.പി) | 0 | 0 | 0 | 0 | 0 | |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 3735871 | 3735871 | 3735871 | 0 | 100 |
| സംര. ഗ്രാന്റ് (നോൺറോഡ്) | 0 | 4024558 | 4024558 | 4024558 | 0 | 100 |
| 13-ാംധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 4625460 | 4625460 | 4625460 | 0 | 100 |
| പെർഫോമൻസ്ഗ്രാന്റ് | 0 | 256804 | 256804 | 256804 | 0 | 100 |
| എം.എൻ.ആർ. ഇ. ജി.എസ്. | 2221 | 66075955 | 66078176 | 66064230 | 13946 | 99.9 |
| ബി ഫണ്ട് | | 38651320 | 38651320 | 38651320 | 0 | 100 |
| ഐ.സി.ഡി.എസ് | 188643 | 663613 | 852256 | 395232 | 457024 | |
| സാക്ഷരത | 330013 | 142200 | 472213 | 206764 | 265449 | |
| ടോട്ടൽ സാനിട്ടേഷൻ | 0 | 2862968 | 2862968 | 99968 | 2763000 | |
| എസ്.ജി.ആർ.വൈ | 109078 | 0 | 109078 | 0 | 109078 | |
| തണൽ | 49932 | 0 | 49932 | 0 | 49932 | |
| തനത് ഫണ്ട് | 751265 | 6887016 | 7638281 | 6127148 | 1511133 | 80 |
| ജനറൽ പർപ്പസ് ഫണ്ട് | 5369342 | 7966608 | 13335950 | 9618704 | 3717246 | 72.12 |

1. ആസ്തി, സ്റ്റോക്ക് എന്നിവ മൂല്യാധിഷ്ഠിതമായി പരിപാലിച്ചിട്ടില്ല.

2. വാർഷിക റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റുകൾ-ബാങ്ക്, ട്രഷറി - ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

3. ഐ.സി.ഡി.എസ് സെൻട്രൽ ഷെയർ, ടോട്ടൽ സാനിട്ടേഷൻ, തണൽ എന്നിവക്ക്

പ്രത്യേകം അക്കൌണ്ടുകൾ പരിപാലിക്കാതെ തനതുഫണ്ടിലാണ് സൂക്ഷിച്ചുവരുന്നത്.

4. ഐ.സി.ഡി.എസ് രണ്ടാം സെൻട്രൽ ഷെയറായി ലഭിച്ച 322256/-രൂപ ഓഡിറ്റിന്

ഹാജരാക്കിയ എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല. കൂടാതെ പ്രസ്തുത

തുക ആകെ ചെലവിനോടൊപ്പം കൂട്ടിക്കാണിച്ചിട്ടുമില്ല.

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകളുടേയും നടപ്പാക്കിയ പ്രോജക്ടുകളുടേയും വിവരം ചുവടെ കൊടുത്തിരിക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 192 | 84285283 | 100 | 29448179 | 1 | 91 | 48 |

## 1-7 തനത് വരുമാനം.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | | | | |
| തൊഴിൽ നികുതി | 879973 | 1107350 | 227377 | |
| കെട്ടിട നികുതി | 1264239 | 1963215 | 698976 | |
| വിനോദ നികുതി | - | - | - | |
| പരസ്യ നികുതി | - | - | - | |
| നികുതിയേതര വരവുകൾ | | | | |
| ലേലം | 361075 | 217910 | 102419 | |
| ഷോപ്പിംഗ് കോംപ്ളക്സ് വാടക | 98254 | 91984 | 6720 | |
| ഡി & ഒ ലൈസൻസ് | 78822 | 139785 | 60963 | |
| മറ്റുവരവുകൾ | 958033 | 525841 | 432192 | |
| ആകെ | 3640396 | 4094762 | 1506690 | |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 946680 | 494 |

| | | |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 8017440 | 867 |
| വിധവാപെൻഷൻ | 12826440 | 1211 |
| വാർദ്ധക്യകാലപെൻഷൻ | 12393120 | 1150 |
| വികലാംഗപെൻഷൻ | 3920450 | 357 |
| വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 270000 | 9 |
| 50 വയസിനുമേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 277190 | 26 |
| ആകെ | 38651320 | |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15-05-2017 രാവിലെ 11.30AM ന് സ്ഥാപന തലവന്റെ/ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 3,884/-രൂപയുടെ ക്യാഷ് ബാലൻസിന്റെ /നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം.

തനതുവരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. ട്രേഡേഴ്സ് രജിസ്റ്ററിലെ മുഴുവൻ പേരേയും ലൈസൻസ് രജിസ്റ്ററിൽ ഉൾപ്പെടുത്തി വിറ്റ് വരവിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസും തൊഴിൽ നികുതിയും, സ്ഥാപനനികപതിയും നിർണയിച്ച് ഈടാക്കേണ്ടതാണ്. ഓഡിറ്റോറിയങ്ങൾ, ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ, പാരാമെഡിക്കൽ സ്ഥാപനങ്ങൾ തുടങ്ങി പഞ്ചായത്ത് പരിധിയിൽ രജിസ്ട്രേഷനില്ലാതെയും രജിസ്ട്രേഷൻ പുതുക്കാതെയും അനധികൃതമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുവാൻ നടപടി സ്വീകരിക്കേണ്ടതാണ്. തൊഴിൽ നികുതി ഈടാക്കുമ്പോൾ ആകെ അർധവാർഷിക വരുമാനത്തിൽ എല്ലാ വരുമാനങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തി തൊഴിൽ നികുതി ഈടാക്കി നികുതിയിനത്തിലെ വരുമാന നഷ്ടം ഒഴിവാക്കേണ്ടതാണ്. മൊബൈൽ ടവറുകളുടെ കാര്യത്തിൽ ഭരണസമിതി ഉചിതമായ നടപടികൾ സ്വീകരിച്ച് നികുതി ഈടാക്കുന്നതിൽ നടപടി സ്വീകരിക്കേണ്ടതാണ്.

വസ്തുനികുതിയിനത്തിൽ കുടിശ്ശികയായി നിൽക്കുന്ന മുഴുവൻ തുകയും പിരിച്ചെടുക്കുവാൻ റവന്യൂ റിക്കവറി നടപടികൾ ആരംഭിക്കേണ്ടതാണ്. അംഗീകാരം ലഭിക്കുന്ന മുഴുവൻ പ്രോജക്ടുകളും നടപ്പിലാക്കേണ്ടതും വികസനമേഖലയിലെ പ്രോജക്ടുകൾ നടപ്പിലാക്കുന്നതിലെ കാലതാമസം ഒഴിവാക്കേണ്ടതുമാണ്. അംഗനവാടികൾ, ശിശുമന്ദിരം, ബഡ്സ് സ്കൂൾ എന്നിവയുടെ നിലവിലെ ഭൗതിക സാഹചര്യം വിലയിരുത്തി ന്യൂനതകൾ പരിഹരിക്കേണ്ടതാണ്. സാമൂഹ്യ പെൻഷനുകൾക്ക് ലഭിക്കുന്ന അപേക്ഷകൾ റിപ്പോർട്ടിംഗ് ഉദ്യോഗസ്ഥർക്ക് കൈമാറുമ്പോൾ അന്വേഷണ റിപ്പോർട്ടുകൾ കാലതാമസം കൂടാതെ സമയബന്ധിതമായി ലഭ്യമാക്കേണ്ടതാണെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകേണ്ടതാണ്. തൊഴിലുറപ്പ് പദ്ധതിയിൽ ആസ്തികൾ സൃഷ്ടിക്കുന്ന പ്രവർത്തനങ്ങൾക്കും പ്രാധാന്യം നൽകേണ്ടതാണ്. പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോൾ ജനക്ഷേമത്തിന്/സാമൂഹ്യനന്മയ്ക്ക് പ്രാധാന്യം നൽകി നടപ്പിലാക്കേണ്ടതാണ്. പൊതുമരാമത്ത് പ്രവൃത്തികളിൽ തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുന്നവർക്ക് ലഭ്യമാക്കാൻ പറ്റുന്ന തൊഴിലവസരങ്ങൾ ഉണ്ടെങ്കിൽ ആയത് അത്തരക്കാർക്ക് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 11-05-2017മുതൽ 12-05-2017വരെ | 01-02-2017മുതൽ 30-04-2017വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 19-12-2005മുതൽ 31-12-2005വരെ | 1997-98മുതൽ 2004-05വരെ | ലഭിച്ചിട്ടില്ല |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തൊഴിൽ നികുതി - അപാകതകൾ

എ) തൊഴിൽ ഈടാക്കുമ്പോൾ ആകെ വരുമാനം ഉറപ്പ് വരുത്തുന്നില്ല

1996-ലെ കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ ചട്ടം 204(3) പ്രകാരം ഒരാൾക്ക് ഒരു അർധവർഷം വീട്ടുവാടകബത്ത, സി.സി.എ, യാത്രാ അലവൻസ്, യാത്രാ സൗകര്യ അലവൻസ് എന്നിവയൊഴികെ എല്ലാ മാർഗ്ഗങ്ങളിലും കൂടിയുള്ള ആകെ അർധ വാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് തൊഴിൽ നികുതി നിർണ്ണയിച്ച് ഈടാക്കേണ്ടത്.

എന്നാൽ വിവിധ സ്ഥാപനങ്ങൾ സമർപ്പിക്കുന്ന നികുതി പത്രികയിലെ ജീവനക്കാരുടെ ആകെ അർധ വാർഷിക വരുമാനത്തിൽ ആർജിതാവധി പണമാക്കൽ, ബോണസ്സ്/ഉത്സവബത്ത എന്നിവ ഉൾപ്പെടുത്തിക്കാണുന്നില്ല. ആയതിനാൽ സ്ഥാപനങ്ങൾ സമർപ്പിക്കുന്ന നികുതി പത്രികയിൽ പറയുന്ന ആകെ അർധവാർഷിക വരുമാനത്തിൽ പ്രസ്തുത വരുമാനം ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തി ആയതിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി നിർണയിച്ച് ഈടാക്കേണ്ടതാണ്.

ബി) അനുബന്ധ രേഖയില്ലാതെ തൊഴിൽ നികുതിയിൽ നിന്നൊഴിവാക്കുന്നു.

വികലാംഗരെ തൊഴിൽ നികുതിയിൽ നിന്നൊഴിവാക്കുന്നതിന് സർക്കാർ ആശുപത്രിയിലെ ബന്ധപ്പെട്ട സ്പെഷ്യാലിറ്റി വിഭാഗം തലവനിൽ നിന്നും 40ശതമാനമോ അതിൽ കൂടുതലോ അംഗവൈകല്യമുള്ളതായി സാക്ഷ്യപത്രം ഹാജരാക്കണമെന്ന് തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 27-11-2000 ലെ ജി.ഒ(ആർ.ടി)നം.17/88/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് അനുശാസിക്കുന്നു. എന്നാൽ വികലാംഗരാണെന്ന് തെളിയിക്കുന്ന രേഖകൾ നികുതി പത്രികയോടൊപ്പം ഹാജരാക്കാത്ത ജീവനക്കാരെ ഗ്രാമപഞ്ചായത്ത് തൊഴിൽ നികുതിയിൽ നിന്നും ഒഴിവാക്കുന്നു. ഭാവിയിൽ തൊഴിൽ നികുതി നിർണയിക്കുമ്പോൾ വികലാംഗരെ തൊഴിൽ നികുതിയിൽ നിന്നൊഴിവാക്കാൻ നികുതി പത്രികയോടോപ്പം ബന്ധപ്പെട്ടയാൾ വികലാംഗനാണെന്ന് തെളിയിക്കുന്ന ഡിസബിലിറ്റി

സർട്ടിഫിക്കറ്റിന്റെ പകർപ്പ് കൂടി ഹാജരാക്കിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

സി) കല്യാണ മണ്ഡപങ്ങളിൽ നിന്ന് സ്ഥാപന നികിതി ഈടാക്കിയിട്ടില്ല

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ചുവടെ പറയുന്ന കല്യാണമണ്ഡപങ്ങളിൽ നിന്ന് 2016-17 സാമ്പത്തിക വർഷം സ്ഥാപന നികുതി ഈടാക്കിയിട്ടില്ല.

1. ബഥേൽ ഓഡിറ്റോറിയം, ചെമ്പൂര്,

2. മൈലച്ചൽ സർവ്വീസ് സഹകരണ ബാങ്ക് ഓഡിറ്റോറിയം, ആര്യങ്കോട്,

3. പാരിഷ് ഹാൾ, തുടലി

4. ആർ.സി.ചർച്ച് ഓഡിറ്റോറിയം, വലിയവിളപ്പുറം.

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204പ്രകാരം ഗ്രാമപഞ്ചായത്ത് മേഖലയിൽ പ്രവർത്തിക്കുന്ന മേൽ ഓഡിറ്റോറിയങ്ങളിൽ നിന്ന് 2016-17സാമ്പത്തിക വർഷത്തെ സ്ഥാപന നികുതി ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടേണ്ടതാണ്.

## 2-2 ട്യൂട്ടോറിയൽ കോളേജുകളിൽ നിന്ന് രജിസ്ട്രേഷൻ/ലൈസൻസ് ഫീസ് ഈടാക്കുന്നില്ല

1999-ലെ കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ (ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ) ചട്ടം 3 പ്രകാരം പഞ്ചായത്ത് മേഖലയിലെ ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്യുകയും തുടർന്ന് ചട്ടം 5 പ്രകാരം ഓരോ സാമ്പത്തിക വർഷവും ആരംഭിക്കുന്നതിന് മുമ്പ് പുതുക്കൽ ഫീസ് ഒടുക്കി രജിസ്ട്രേഷൻ പുതുക്കിയാണ് പ്രവർത്തിക്കുന്നതെന്നും ഉറപ്പ് വരുത്തേണ്ടതും അല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ തുടർ നടപടി സ്വീകരിക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ചുവടെ പറയുന്ന ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ പഞ്ചായത്ത് പരിധിയിൽ രജിസ്ട്രേഷൻ ഇല്ലാതെയോ രജിസ്ട്രേഷൻ പുതുക്കാതെയോ പ്രവർത്തിക്കുന്നു.

1. റോസറി അക്കാഡമി, വലിയവഴി,

2. പ്രീമിയർ കോളേജ്, ചെമ്പൂര്,

3. രാജ് സ്കിൻ ഡെവലപ്പമെന്റ് സെന്റർ, ചെമ്പൂര്,

4. ഗ്ലോബൽ പി.എസ്.സി.കോച്ചിംഗ് സെന്റർ, ചെമ്പൂര്,

5. ഹരിശ്രീ കോളേജ്, മൈലച്ചൽ,

6. സ്വദേശാഭിമാനി കോളേജ്, ചെമ്പൂര്,

7. സഫർ കോളേജ്, മൈലച്ചൽ,

8. ടാഗോർ കോളേജ്, കീഴാറൂർ,

9. സ്വാതി കോളേജ്, കീഴാറൂർ

മേൽ സ്ഥാപനങ്ങൾക്ക് രജിസ്ട്രേഷൻ നൽകുവാനോ രജിസ്ട്രേഷൻ പുതുക്കുവാൻ ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 2-3 പഞ്ചായത്ത് പരിധിയിൽ രജിസ്ട്രേഷനില്ലാതെ പാരാമെഡിക്കൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 270പ്രകാരം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്വകാര്യ ആശുപത്രികളും, പാരാമെഡിക്കൽ സ്ഥാപനങ്ങളും ഓരോ വർഷവും രജിസ്ട്രേഷൻ പുതുക്കേണ്ടതാണ്. സ്വകാര്യ ആശുപത്രികൾ, പാരാമെഡിക്കൽ സ്ഥാപനങ്ങൾ എന്നിവ രജിസ്റ്റർ ചെയ്യാതെ പ്രവർത്തിച്ചാൽ 5,000/-രൂപ വരെ പിഴയും കുറ്റം തുടരുന്ന ഓരോ ദിവസത്തിനും 500/-രൂപ പിഴയും ഈടാക്കാവുന്നതാണ്. ഗ്രാമപഞ്ചായത്ത് ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പ്രകാരം ചുവടെ പറയുന്ന സ്ഥാപനങ്ങൾ 2016-17 സാമ്പത്തിക വർഷം രജിസ്ട്രേഷൻ പുതുക്കുകയോ രജിസ്ട്രേഷൻ തുടങ്ങുകയോ ചെയ്തിട്ടില്ല.

1. കാരുണ്യ ആശുപത്രി, ചെമ്പൂര്,

2. പൂമുഖം മൾട്ടി സ്പെഷ്യാലിറ്റി ദന്തൽ ഹോം, ചെമ്പൂര്,

3. പൗർണമി ഹോമിയോ ക്ളിനിക്, ചെമ്പൂര്,

4. സ്നേഹ ആശുപത്രി, ചെമ്പൂര്,

5. ആൻസ് ഹോസ്പിറ്റൽ, കരിക്കോട്ടുകുഴി.

മേൽ സ്ഥാപനങ്ങൾക്ക് രജിസ്ട്രേഷൻ നൽകുവാനോ രജിസ്ട്രേഷൻ പുതുക്കുവാനോ ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-4 ഗ്രാമപഞ്ചായത്ത് പരിധിയിലെ മുഴുവൻ കച്ചവട സ്ഥാപനങ്ങൾക്കും ലൈസൻസ് (ഡി.ആന്റ്.ഒ.ലൈസൻസ്) നൽകിയിട്ടില്ല

ഗ്രാമപഞ്ചായത്ത് ഓഡിറ്റിന് ഹാജരാക്കിയ ട്രേഡേഴ്സ് ലിസ്റ്റ്/രജിസ്റ്റർ പ്രകാരം 2016-17സാമ്പത്തിക വർഷം പഞ്ചായത്ത് പരിധിയിലെ 16 വാർഡുകളിലായി 350കച്ചവട സ്ഥാപനങ്ങൾ പ്രവർത്തിച്ചു വരുന്നു. എന്നാൽ ബന്ധപ്പെട്ട ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ 247സ്ഥാപനങ്ങൾക്ക് മാത്രമാണ് ഗ്രാമപഞ്ചായത്ത് 2016-17സാമ്പത്തിക വർഷത്തിൽ ലൈസൻസ് നൽകിയിട്ടുള്ളത്. ബന്ധപ്പെട്ട രേഖകൾ പ്രകാരം 103സ്ഥാപനങ്ങൾ പഞ്ചായത്ത് പരിധിയിൽ ലൈസൻസില്ലാതെ പ്രവർത്തിച്ചുവരുന്നു. ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുവാൻ നടപടി സ്വീകരിക്കുന്നതാണെന്ന് പ്രസ്തുത വിഷയത്തിന് വിശദീകരണം ആവശ്യപ്പെട്ടുകോണ്ടുള്ള 17-05-201-ലെ 03/17നമ്പർ ഓഡിറ്റ് എൻക്വയറിക്ക് അധികൃതർ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തനതുവരുമാനത്തിന് ഭീമമായ തുകയുടെ നഷ്ടമുണ്ടാക്കുന്ന വിധം പഞ്ചായത്ത് പരിധിയിൽ അനധികൃതമായി പ്രവർത്തിച്ചു വരുന്ന ഇത്തരം സ്ഥാപനങ്ങൾക്കെതിരെ നിയമപരമായ നടപടികൾ സ്വീകരിച്ച് ലൈസൻസ് നൽകേണ്ടതാണ്. കൂടാതെ ലൈസൻസിനായി അപേക്ഷിക്കുന്ന മിക്ക സ്ഥാപനങ്ങളും സ്ഥാപനത്തിന്റെ വിറ്റുവരവ് വിവരം അപേക്ഷയിൽ വ്യക്തമാക്കാതെയാണ് ലൈസൻസിനായി അപേക്ഷിക്കുന്നത്. ഭാവിയിൽ ലൈസൻസ് നൽകുമ്പോൾ വിറ്റുവരവ് വിവരം ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തി മാത്രം ലൈസൻസ് നൽകേണ്ടതാണ്.

വിറ്റുവരവ് വിവരം ഉൾപ്പെടുത്താത്ത ചില സ്ഥാപനങ്ങളാണ് ചുവടെ കൊടുത്തിരിക്കുന്നത്.

| ക്രമ നം. | സ്ഥാപനം നടത്തുന്നയാൾ | നടത്തുന്ന വ്യാപാരം | കെട്ടിട നം. |
|---|---|---|---|
| 1 | എസ്. ശ്രീകുമാരൻ നായർ, ഗൗരീശാ മന്ദിരം, കീഴാറൂർ | ഗൗരീശാ ട്രേഡേഴ്സ്, സാധനങ്ങൾ സ്റ്റോക്ക് ചെയ്യുള്ള | 448 |

| | | | |
|---|---|---|---|
| | | കച്ചവടം | |
| 2 | പത്മാവതിയമ്മ, മേലെ കൃഷ്ണ വിലാസം, തലയൽ,ആറാല്യമ്മൂട് | F.A.C.T. വളം വിൽപന | 15/13 |
| 3 | ബിനു.ഡി, കരിക്കറത്തല,ഡാല്യംമുഖം | ബേക്കറി നടത്തുന്നതിന് | 304 |
| 4 | പ്രഗീഷ്.എസ്.ആർ, കല്ലിംഗവിളാകം, ചെമ്പൂര് | കെട്ടിട നിർമ്മാണ സാധനങ്ങളുടെ വിൽപന | 502 |
| 5 | സ്റ്റുവർട്ട്, വർഷ ഭവൻ, പിണറുവിള, ഒറ്റശേഖരമംഗലം | അലുമിനിയം ഫാബ്രിക്കേഷൻ | 5/68 |

## 2-5 മൊബൈൽ ടവറുകളിൽ നിന്ന് കുടിശ്ശികയില്ലാതെ വസ്തുനികുതി പിരിച്ചെടുക്കുന്നില്ല

ഗ്രാമപഞ്ചായത്ത് അതിന്റെ അധികാര പരിധിയിൽ സ്ഥാപിച്ചിട്ടുള്ള മൊബൈൽ ടവറുകളുടെ വിവരങ്ങളടങ്ങിയ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുകയോ അവയിൽനിന്ന് കുടിശ്ശികയില്ലാതെ വസ്തുനികുതി പിരിച്ചെടുക്കുകയോ ചെയ്യുന്നില്ല. ജി.ഒ(എം.എസ്) നം.113/2009/ത.സ്വ.ഭ.വ, തിയതി. 02-01-2009 നമ്പർ സർക്കാർ ഉത്തരവ് പ്രകാരം മൊബൈൽ ടവർ സ്ഥാപിച്ചിട്ടുള്ള സ്ഥാപനങ്ങളിൽ നിന്ന് വസ്തുനികുതി ഈടാക്കേണ്ടതാണ്.

ജി.ഒ(ആർ.ടി)19/2011/ത.സ്വ.ഭ.വ, 01-04-2013നമ്പർ ഉത്തരവ് പ്രകാരം മൊബൈൽ ടവറുകളിൽ നിന്ന് ഈടാക്കേണ്ട കുറഞ്ഞ വസ്തുനികുതി ചതുരശ്രമീറ്ററിന് 400/-രൂപയാണ്. ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ മറുപടി (04/17 നമ്പർ എൻക്വയറി) പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ നിലവിൽ 18മൊബൈൽ ടവറുകൾ പ്രവർത്തിക്കുന്നുണ്ട്. പ്രസ്തുത സ്ഥാപനങ്ങളിൽ ഡിഷ്നെറ്റ് വയർലെസ് എന്ന സ്ഥാപനം 2016-17സാമ്പത്തിക വർഷം മാത്രമാണ് വസ്തു നികുതിയിനത്തിൽ കുടിശ്ശിക വരുത്തിയിട്ടുള്ളത്. മറ്റ് സ്ഥാപനങ്ങൾ മൂന്നും അതിലധികം വർഷങ്ങളും വസ്തുനികുതിയിനത്തിൽ കുടിശ്ശിക വരുത്തിയിട്ടുണ്ട്.
വിശദ വിവരങ്ങളാണ് ചുവടെ കൊടുത്തിരിക്കുന്നത്.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര്, നമ്പര്, സ്ഥലം | അസ്സസ് ചെയ്ത വർഷം | കുടിശ്ശിക |
|---|---|---|---|
| 1 | ഡിഷ്നെറ്റ് വയർലെസ്,മൈലച്ചൽ, നം. 7/1070 | 2010-11 | 2016-17 |
| 2 | ഇന്റസ് ടവർ, മണ്ണാംകോണം, നം. 1/924 | 2010-11 | 2013-14 മുതൽ |
| 3 | റിലയൻസ് ഇൻഫ്രാ ടെൽ, കുറ്റിയാണിക്കാട്, നം. 5/1084 | 2010-11 | 2012-13 മുതൽ |
| 4 | ഭാരതി ഇൻഫ്രാ ടെൽ, കുറ്റിയാണിക്കാട്, നം. 5/1053 | 2010-11 | 2012-13 മുതൽ |
| 5 | ഡിഷ്നെറ്റ് വയർലെസ് ലിമിറ്റട്, കുറ്റിയാണിക്കാട്, നം. 05/1009 | 2009-10 | 2013-14 മുതൽ |
| 6 | ടവർ വിഷൻ ഇൻഡ്യ, ചെമ്പൂര്, | 2009-10 | 2013-14 |

| | | | |
|---|---|---|---|
| | നം. 3/1367 | | മുതൽ |
| 7 | ഇന്റസ് ടവർ, ചെമ്പൂര്, നം. 3/1421 | ലഭ്യമല്ല | ലഭ്യമല്ല |
| 8 | ഇന്റസ് ടവർ, കുറ്റിയാണിക്കാട്, | ലഭ്യമല്ല | ലഭ്യമല്ല |
| 9 | വോഡഫോൺ, കുറ്റിയാണിക്കാട് | ലഭ്യമല്ല | ലഭ്യമല്ല |
| 10 | എയർസെൽ, കുറ്റിയാണിക്കാട് | ലഭ്യമല്ല | ലഭ്യമല്ല |
| 11 | ബി.എസ്.എൻ.എൽ, മൈലച്ചൽ | ലഭ്യമല്ല | ലഭ്യമല്ല |
| 12 | റിലയൻസ്, വെള്ളാങ്ങൽ | ലഭ്യമല്ല | ലഭ്യമല്ല |
| 13 | റിലയൻസ്, കീഴാറൂർ, നം. 1/173 | 2010-11 | ലഭ്യമല്ല |
| 14 | ബി.എസ്.എൻ.എൽ, ഉടലി, നം.11/125 | ലഭ്യമല്ല | ലഭ്യമല്ല |
| 15 | ബി.എസ്.എൻ.എൽ, കരിക്കോട്ടുകുഴി | ലഭ്യമല്ല | ലഭ്യമല്ല |
| 16 | ബി.എസ്.എൻ.എൽ, കാലായിൽ | ലഭ്യമല്ല | ലഭ്യമല്ല |
| 17 | ബി.എസ്.എൻ.എൽ, ഇടവാൽ | ലഭ്യമല്ല | ലഭ്യമല്ല |

മേൽ പട്ടികയിൽ ക്രമനമ്പർ 7മുതൽ 18വരെയുള്ള സ്ഥാപനങ്ങളെ സംബന്ധിച്ച അസ്സസ്മെന്റ് തീയതി, കുടിശ്ശിക വർഷം തുടങ്ങി കൃത്യമായ യാതൊരു വിവരവും ലഭ്യമാക്കുവാൻ അധികൃതർക്ക് സാധിച്ചിട്ടില്ല. ആയതിനാൽ മേൽ സ്ഥാപനങ്ങളെ സംബന്ധിച്ച വിവരം തയ്യാറാക്കി കുടിശ്ശികയുൾപ്പെടെയുള്ള വസ്തുനികുതി ചതുരശ്രമീറ്ററിന് 400/-രൂപാ പ്രകാരം നിർണ്ണയിച്ച് ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം കുടിശ്ശിക വരുത്തിയിട്ടുള്ള സ്ഥാപനങ്ങൾക്കെതിരെ റവന്യൂറിക്കവറി നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-6 വസ്തുനികുതി കുടിശ്ശിക - 13,58,839/- രൂപ

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 203പ്രകാരം ഗ്രാമപഞ്ചായത്ത് കെട്ടിടങ്ങൾക്ക് നിർണയിക്കുന്ന വസ്തുനികുതി തുടർന്നുള്ള വർഷങ്ങളിൽ കുടിശ്ശികയില്ലാതെ പിരിച്ചെടുക്കുന്നില്ല. വസ്തുനികുതിയുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്ത് ഓഡിറ്റിന് ഹാജരാക്കിയ ഡി.സി.ബി.പത്രിക, വസ്തുനികുതി ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ 2016-17സാമ്പത്തിക വർഷം അരിയറും കറന്റും ഉൾപ്പെടെ 13,58,839/-രൂപ വസ്തുനികുതിയിനത്തിൽ ഗ്രാമപഞ്ചായത്തിന് പിരിഞ്ഞ് കിട്ടുവാനുണ്ട്. പഞ്ചായത്തിന്റെ തനതു വരുമാനമായ വസ്തുനികുതി പിരിച്ചെടുക്കാൻ ഗ്രാമപഞ്ചായത്ത് ഫലപ്രദമായ നടപടികൾ സ്വീകരിച്ചിരുന്നുവെങ്കിൽ ഇത്രയും വലിയൊരു തുക വസ്തുനികുതിയിനത്തിൽ കുടിശ്ശിക വരുമായിരുന്നില്ല. റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ച് കുടിശ്ശിക വസ്തുനികുതി പിരിച്ചെടുക്കേണ്ടതാണ്.

വസ്തുനികുതി - കുടിശ്ശിക ഈടാക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്

അരിയറും കറന്റുമായി വസ്തുനികുതിയിനത്തിൽ ഗ്രാമപഞ്ചായത്തിന് കിട്ടേണ്ട 13,58,839/-രൂപ ഭരണതലത്തിൽ ഉചിതമായ നടപടികൾ സ്വീകരിച്ച് കുടിശ്ശികയില്ലാതെ പിരിച്ചെടുക്കേണ്ടതാണ്. 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 243പ്രകാരം പ്രസ്തുത തുക പിരിച്ചെടുക്കാതിരുന്നാൽ ഗ്രാമപഞ്ചായത്തിന് ടി തുക നഷ്ടപ്പെടുന്നതാണ്. വസ്തുനികുതിയുടെ അരിയറും കറന്റും ഉൾപ്പെടെയുള്ള വർഷം തിരിച്ചുള്ള കുടിശ്ശിക നിർണയിച്ച് റവന്യൂ റിക്കവറി നടപടികളിലൂടെ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്ക് വരുത്തേണ്ടതാണ്.

## 2-7 കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിക്കുന്നത് സംബന്ധിച്ച് -

## ഓഡിറ്റ് അവലോകനം

ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ നമ്പറിംഗുമായി ബന്ധപ്പെട്ട ഫയലുകളിൽ നിർമ്മാണത്തിനുള്ള പെർമിറ്റ് അനുവദിച്ചതു മുതൽ നിർമ്മാണം പൂർത്തിയാക്കി കെട്ടിട നമ്പർ നൽകി നികുതി നിശ്ചയിച്ചതു വരെയുള്ള നടപടിക്രമങ്ങൾ ഒറ്റ ഫയലായി തന്നെയാണ് ക്രമീകരിച്ചിട്ടുള്ളതെന്നും കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് വിരുദ്ധമായി പെർമിറ്റിൽ നിന്ന് വ്യതിചലിച്ച് നിർമ്മാണം നടത്തിയ കെട്ടിടങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ലായെന്നും കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിച്ചിട്ടുള്ളതെന്നും എന്നാൽ പെർമിറ്റ് വാങ്ങാത്ത /പെർമ്മിറ്റിനേക്കാൾ കൂടുതൽ പണിതിട്ടുള്ള കെട്ടിടങ്ങൾ ഇരട്ടി പെർമിറ്റ് ഫീ വാങ്ങി റഗുലറൈസ് ചെയ്ത് നമ്പർ നൽകിയിട്ടുണ്ടെന്നും (16-05-2017ലെ ഓഡിറ്റ് എൻക്വയറി നം-1) ഗ്രാമപഞ്ചായത്ത് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷത്തിൽ പെർമിറ്റിനായി ലഭിച്ച അപേക്ഷകൾ സംബന്ധിച്ച് 18-05-2017 ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.5ന് താഴെ പറയും പ്രകാരം മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

1. 2016-17ൽ പെർമിറ്റിനായി ലഭിച്ച അപേക്ഷകൾ - 205

2. പെർമിറ്റ് നൽകിയിട്ടുള്ളത് - 146

3. കത്തയച്ച് മറുപടിയിലിരിക്കുന്നവ - 59

4. നിരസിച്ചവ - 0

5. പെർമിറ്റ് നൽകിയശേഷം നമ്പറിനായി വന്നവയെല്ലാം അസ്സസ്മെന്റ് രജിസ്റ്ററിൽ

ഉൾപ്പെടുത്തിയിട്ടുണ്ട് എന്നും മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. കെട്ടിട നിർമ്മാണത്തിന് മുമ്പ് തന്നെ പഞ്ചായത്തിൽ നിന്നും പെർമിറ്റ് എടുക്കേണ്ടതും ടി പെർമിറ്റ് പ്രകാരം തന്നെ നിർമ്മാണം പൂർത്തീകരിക്കേണ്ടതുമാണ്.
2. നിർമ്മാണത്തിന് മുമ്പ് പെർമിറ്റ് എടുത്തുവെങ്കിലും പെർമിറ്റിൽ നിന്ന് വ്യതിചലിച്ച് നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും നിലവിലുള്ള ചട്ടങ്ങൾ പാലിച്ചിട്ടുണ്ടെങ്കിൽ പെർമിറ്റിൽ നിന്നും അധികരിച്ച ഭാഗത്തിന് ചട്ടപ്രകാരമുള്ള രാജിയാക്കൽ ഫീസ് ഈടാക്കി നിർമ്മാണം ക്രമവൽക്കരിക്കേണ്ടതാണ്.
3. പെർമിറ്റിൽ നിന്നും വ്യതിചലിച്ചുള്ള നിർമ്മാണം ക്രമവൽക്കരിക്കേണ്ടതില്ല.
4. പെർമിറ്റ് എടുക്കാതെയുള്ള നിർമ്മാണം, എന്നാൽ അത് ചട്ടങ്ങൾ പാലിച്ചുകൊണ്ടാണെങ്കിൽ മതിയായ രാജിയാക്കൽ ഫീസ് ഈടാക്കിക്കൊണ്ട് സെക്രട്ടറി നിർമ്മാണം ക്രമവൽക്കരിക്കേണ്ടതാണ്.

# 2-8 ഷോപ്പിംഗ് കോംപ്ളക്സ് - കുടിശ്ശിക 19,413/-രൂപ

ഗ്രാമപഞ്ചയത്തിന്റെ ചെമ്പൂര് RDB ഷോപ്പിംഗ് കോംപ്ളക്സിലെ ആകെ 12 കടമുറികളിൽ നമ്പർ 1കടമുറിയിലെ വാടകക്കാരനാണ് ശ്രീ.റസിലൻ, മുള്ളൻകുഴി റോഡരികത്തു വീട്, മഞ്ചംകോട്. ടിയാൻ മുൻവർഷ വാടകയായ 1961/-രൂപയിൽ നിന്നും 10% രൂപ അധികരിച്ച് 2157/-രൂപക്കാണ് 2016-17സാമ്പത്തിക വർഷത്തിൽ കരാർ പുതുക്കിയിട്ടുള്ളത്. എന്നാൽ 2016-17സാമ്പത്തിക വർഷത്തിൽ ഏപ്രിൽ, മേയ്, ജൂൺ മാസങ്ങളിലെ ആകെ വാടകയായ 6471/-രൂപ മാത്രമാണ്

11605100584 നമ്പർ രസീതു പ്രകാരം ടിയാൻ ഒടുക്ക് വരുത്തിയിട്ടുള്ളത്. പ്രസ്തുത സാമ്പത്തിക വർഷത്തിലെ അവശേഷിക്കുന്ന 9 മാസങ്ങളിലെ വാടകയായ 19413/-രൂപ നാളിതുവരെ പഞ്ചായത്തിൽ അടവാക്കാതെ റസിലൻ കുടിശ്ശിക വരുത്തിയിരിക്കുന്നു. പഞ്ചായത്തിന്റെ തനതുവരുമാനത്തിന് നഷ്ടപ്പെട്ട ടി തുക (19,413/-രൂപ)ഒരു മാസത്തിനുള്ളിൽ പിഴപ്പലിശ

ഉൾപ്പെടെ ടിയാനിൽ നിന്നീടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്ക് വരുത്തേണ്ടതാണ്. അല്ലാത്തപക്ഷം കട ഒഴിപ്പിച്ച് പുനർലേലം നടത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതും നടപടി സംബന്ധിച്ച വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 വി.ഇ.ഒ. കാഷ്ബുക്ക് കൃത്യതയോടെ തയ്യാറാക്കി സൂക്ഷിക്കുന്നില്ല

സർക്കാർ ഉത്തരവ് (പി) 177/2009, ധനം. 12-04-2006 പ്രകാരം പദ്ധതി നിർവ്വഹണ ഉദ്യോഗസ്ഥർ ടി.ആർ.7എ-കാഷ്ബുക്കിൽ വരവ് ചെലവ് വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിലെ നിർവ്വഹണ ഉദ്യോഗസ്ഥനായ വി.ഇ.ഒ. (എ-സർക്കിൾ) പദ്ധതികൾ കൃത്യമായി നിർവ്വഹിച്ചിട്ടുണ്ടെങ്കിലും വരവ് ചെലവ് വിവരങ്ങളടങ്ങിയ കാഷ്ബുക്ക് മേൽപറഞ്ഞ പ്രകാരം സൂക്ഷിക്കുന്നില്ല. ഓരോ സാമ്പത്തിക വർഷവും പദ്ധതി നിർവ്വഹണങ്ങൾക്കായി ലക്ഷക്കണക്കിന് രൂപയാണ് ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥർ പിൻവലിക്കുന്നത്. ആയതിനാൽ പദ്ധതികളുടെ നടത്തിപ്പിന് നിർവ്വഹണോദ്യോഗസ്ഥർ പിൻവലിക്കുന്ന തുക വിതരണം ചെയ്തിട്ടുണ്ടെന്ന് ഉറപ്പ് വരുത്താൻ നിർവ്വഹണോദ്യോഗസ്ഥർ നിർബന്ധമായും കാഷ്ബുക്ക് കൃത്യതയോടെ തയ്യാറാക്കി പരിപാലിക്കേണ്ടതാണ്. നിർവ്വഹണോദ്യോഗസ്ഥർ കാഷ്ബുക്ക് കൃത്യതയോടെ തയ്യാറാക്കി സൂക്ഷിക്കുന്നുണ്ടെന്ന് അധികൃതർ ഉറപ്പ് വരുത്തേണ്ടതുമാണ്. പിൻവലിക്കുന്നതും വിതരണം ചെയ്യുന്നതുമായ തുകയെ സംബന്ധിച്ച വിവരങ്ങൾ വ്യക്തമല്ലാത്തപക്ഷം ആയതിന്റെ ഉത്തരവാദിത്തം ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥനായിരിക്കും.

### 3-2 അംഗനവാടി കുട്ടികൾക്ക് ടി.എച്ച്.ആർ.മിശ്രിതം (ന്യൂട്രിമിക്സ്) - ഗുണനിലവാരം ഉറപ്പ് വരുത്തുന്നില്ല

അംഗനവാടി കുട്ടികൾക്ക് നൽകുന്ന ന്യൂട്രിമിക്സ് സാമ്പിളുകൾ ഓരോ രണ്ട് മാസത്തിലെരിക്കൽ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനക്ക് വിധേയമാക്കി ഗുണനിലവാരം ഉറപ്പ് വരുത്തണമെന്നും പരിശോധന നടത്തി ലഭിക്കുന്ന ലാബ് റിപ്പോർട്ടിൽ ന്യൂട്രിമിക്സിന് ഗുണനിലവാരമില്ലെങ്കിൽ ആയതു വാങ്ങിയതിനുള്ള വില ന്യൂട്രിമിക്സ് നൽകിയ സ്ഥാപനങ്ങൾക്ക് നൽകേണ്ടതില്ലെന്നും സാമൂഹ്യക്ഷേമ ഡയറക്റ്ററുടെ 18/12/2010ലെ ഐ.സി.ഡി.എസ്/ബി-3/312 നമ്പർ കത്തിൽ നിർദ്ദേശിച്ചിട്ടുണ്ട്.എന്നാൽ പ്രസ്തുത നിർദ്ദേശം പാലിക്കാതെയാണ് ശക്തിശ്രീ ന്യൂട്രിമിക്സ്, കുടുംബശ്രീ യൂണിറ്റ്, കള്ളിക്കാട് എന്ന സ്ഥാപനത്തിൽ നിന്ന് അംഗനവാടി കുട്ടികൾക്ക് ന്യൂട്രിമിക്സ് വാങ്ങയിട്ടുള്ളത്. ഭാവിയിൽ ഇത്തരം വീഴ്ചകളുണ്ടാകാതെ സാമൂഹ്യക്ഷേമ ഡയറക്റ്ററുടെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കുവാൻ അധികൃതർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

### 3-3 അംഗനവാടികൾക്ക് സ്വന്തമായി കെട്ടിടങ്ങൾ നിർമ്മിക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തിന് കീഴിൽ 31 അംഗനവാടികൾ പ്രവർത്തിച്ചുവരുന്നു. ഇതിൽ 17 അംഗനവാടികൾ ഇന്നും വാടക കെട്ടിടങ്ങളിലാണ് പ്രവർത്തിച്ചുവരുന്നത്. കൂടാതെ 3 അംഗനവാടികൾക്ക് നിലവിൽ വൈദ്യുതി ലഭ്യമല്ല. വാടകകെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന അംഗനവാടികൾക്ക് സ്വന്തമായി സ്ഥലം കണ്ടെത്തുവാനും അവയുടെ ഭൗതീക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുവാനും ഭരണതലത്തിൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

വാടകക്കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന അംഗനവാടികളെ സംബന്ധിച്ച വിവരങ്ങളാണ് ചുവടെ കൊടുത്തിരിക്കുന്നത്.

| ക്രമ നം. | സ്ഥലം | അംഗനവാടി നം. |
|---|---|---|
| 1 | കുക്കുരുണി | 35 |
| 2 | ആയക്കാവ് | 39 |
| 3 | പൂവൻകുഴി | 40 |
| 4 | പള്ളിവിള | 41 |
| 5 | മഞ്ചംകോട് | 42 |
| 6 | മൂന്നാറ്റിൻമുക്ക് | 43 |
| 7 | കരിമ്പാലക്കുഴി | 44 |
| 8 | വലിയപഴി | 45 |
| 9 | നെട്ടണി | 46 |
| 10 | കരിക്കോട്ടുക്കുഴി | 47 |
| 11 | പുനയ്ക്കോട് | 48 |
| 12 | പാലോട്ടുകോണം | 50 |
| 13 | വലിയവിളപ്പുറം | 51 |
| 14 | പുതുവൽ | 53 |
| 15 | പണ്ടാരക്കോണം | 54 |
| 16 | പശുവണ്ണറ | 55 |
| 17 | ളുയൂർ | 56 |

## 3-4 അംഗീകാരം ലഭിച്ച 192പദ്ധതികളിൽ 92പദ്ധതികൾ നടപ്പിലാക്കിയില്ല

2016-17സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് 192പദ്ധതികൾ ആസൂത്രണം ചെയ്ത് അംഗീകാരം വാങ്ങിയെങ്കിലും 100പദ്ധതികൾ മാത്രമാണ് നടപ്പിലാക്കിയത്. 8,42,85,283/- രൂപ അടങ്കലിൽ തയ്യാറാക്കിയ 192പദ്ധതികളിൽ നടപ്പിലാക്കിയ 100പദ്ധതികൾക്ക് ചെലവ് ചെയ്തത് 2,94,48,179/- രൂപ മാത്രമാണ്. അതായത് പദ്ധതി അടങ്കലായി വകയിരുത്തിയതിന്റെ ഏകദേശം നാലിലൊന്ന് രൂപ മാത്രമാണ് ചെലവ് ചെയ്തത്. പദ്ധതി നടത്തിയതിന്റെ മേഖല തിരിച്ചുള്ള വിവരണമാണ് ചുവടെ കൊടുത്തിരിക്കുന്നത്.

| ക്രമ നം. | നിർവ്വഹണ ഉദ്യോഗസ്ഥർ | അംഗീകാരം ലഭിച്ച പദ്ധതികൾ | നടപ്പിലാക്കിയ പദ്ധതികൾ | നിർവ്വഹിക്കാത്തവ | ചെലവഴിച്ച തുക |
|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 5 | 5 | 0 | 382880 |
| 2 | വെറ്ററിനറി സർജൻ | 9 | 7 | 2 | 431120 |
| 3 | മെഡിക്കൽ ഓഫീസർ | 6 | 4 | 2 | 2000000 |
| 4 | മെഡി.ഓ. ഹോമിയോ | 1 | 1 | 0 | 150000 |
| 5 | വി.ഇ.ഒ- എ&ബി സർക്കിൾ | 20 | 13 | 7 | 5692123 |
| 6 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 6 | 5 | 1 | 2589923 |
| 7 | ഗ്രാമ.പഞ്ചാ.സെക്രട്ടറി | 39 | 35 | 4 | 11412615 |
| 8 | ഹെഡ്മാസ്റ്റർ | 3 (SO) | 0 | 3 | |
| 9 | അസി.എഞ്ചിനീയർ | 103 | 31 | 72 | 6789518 |
| | | 192 | 101 | 91 | |

പദ്ധതി വിലയിരുത്തൽ

ആസൂത്രണം ചെയ്ത് അംഗീകാരം വാങ്ങിയ പദ്ധതികൾ മുഴുവൻ നടപ്പാക്കാത്തതിലൂടെ ഉല്പാദന, സേവന, പശ്ചാത്തല മേഖലകളിലുണ്ടായ ഏറ്റക്കുറച്ചിലുകളാണ് ചുവടെ കൊടുത്തിരിക്കുന്നത്.

1) ഉൽപാദനം - കാർഷിക മേഖല (നിർവ്വഹണം - കൃഷിഓഫീസർ)

കാർഷിക മേഖലയിൽ പ്രവൃത്തിയെടുക്കുന്ന നിരവധിയാളുകളെ ഉൾക്കൊള്ളുന്നതും കാർഷിക പ്രവർത്തനങ്ങൾക്ക് അനുയോജ്യമായ കൃഷിഭൂമിയെ ഉൾക്കൊള്ളുന്നതുമായ ഗ്രാമപഞ്ചായത്ത് ഉൽപാദനമേഖലയായ കാർഷിക മേഖലക്ക് ആകെ 5പദ്ധതികൾ തയ്യാറാക്കി 10,84,077/-രൂപയാണ് നീക്കിവെച്ചത്. എന്നാൽ പ്രസ്തുത പദ്ധതികൾക്ക് ചെലവ് ചെയ്തത് വെറും 3,82,880/-രൂപയാണ്. കൂടാതെ നടപ്പിലാക്കിയ 5 പദ്ധതികളിൽ 4 എണ്ണം സ്പിൽ ഓവർ പ്രോജക്ടുകളാണ്. പുതുതായി ആസൂത്രണം ചെയ്തത് ഒരു പദ്ധതി മാത്രം. ഇത് പദ്ധതി ആസൂത്രണത്തിലെ പോരായ്മയായി ഓഡിറ്റ് വിലയിരുത്തുന്നു. (ഭാവിയിൽ പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോൾ ഉൽപാദന മേഖലയായ കാർഷിക മേഖലയുടെ സമഗ്ര വികസനവും പുരോഗതിയും ലക്ഷ്യമാക്കി പദ്ധതികൾ ആസൂത്രണം ചെയ്യുവാനും അതിലൂടെ കർഷകരുടെ ക്ഷേമവും കാർഷിക മേഖലയുടെ സ്വയം പര്യാപ്തതയും ഉറപ്പ് വരുത്തുവാനും അധികൃതർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.)

2) ഉൽപാദനം - മൃഗസംരക്ഷണം, ക്ഷീരവികസനം (നിർവ്വഹണം - വെറ്ററിനറി സർജൻ)

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പദ്ധതിയാസൂത്രണവും സബ്സിഡിയും അനുബന്ധ വിഷയങ്ങളും (2012-17) സംബന്ധിച്ച മാർഗ്ഗരേഖയിൽ പറയുന്ന പ്രകാരം 2016-17സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് വെറ്ററിനറി സർജൻ നിർവ്വഹണഉദ്യോഗസ്ഥനായുള്ള മൃഗസംരക്ഷണം - ക്ഷീരവികസനം മേഖലക്ക് മതിയായ പ്രാധാന്യം നൽകിയിട്ടില്ല. മൃഗ-പക്ഷി സമ്പത്ത്, പാൽ, മുട്ട, മാംസം എന്നിവ വർദ്ധിപ്പിക്കുക എന്നതായിരിക്കണം ലക്ഷ്യമെന്ന് പ്രസ്തുത മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ 6 പദ്ധതികൾക്ക് 5187292/-രൂപ അടങ്കലായി നിശ്ചയിച്ചുവെങ്കിലും വെറും 431120/-രൂപാ മാത്രമാണ് പ്രസ്തുത മേഖലയിൽ ചെലവ് ചെയ്തിട്ടുള്ളത്. മൃഗപരിപാലന മേഖലയിൽ പണിയെടുക്കുന്ന നിരവധിയാളുകളെ ഉൾക്കൊള്ളുന്ന ഒരു പഞ്ചായത്തിൽ ഇത്തരത്തിൽ നാമമാത്രമായ തുക ചെലവ് ചെയ്തത് അധികൃതരുടെ പദ്ധതി ആസൂത്രണത്തിലെ പോരായ്മയാണ്.

3) സേവനമേഖല (നിർവ്വഹണം - വി.എ.ഒ)

വി.ഇ.ഒ. നിർവ്വഹണോദ്യോഗസ്ഥനായി 9077705/-രൂപ അടങ്കലിൽ 20പദ്ധതികൾ തയ്യാറാക്കിയെങ്കിലും 56,92,123/-രൂപ ചെലവ് ചെയ്ത് 12പദ്ധതികൾ മാത്രമാണ് ഈ മേഖലയിൽ നടപ്പിലാക്കിയത്. ഇതിൽ 9പദ്ധതികൾ സ്പിൽ ഓവർ പദ്ധതികളാണ്. അതായത് പ്രസ്തുത സാമ്പത്തിക വർഷം 3പ്രോജക്ടുകൾ മാത്രമാണ് പുതുതായി ആസൂത്രണം ചെയ്ത് നടപ്പിലാക്കിയത്. വസ്തു വാങ്ങൽ, ഭവനനിർമ്മാണം എന്നിവക്കുള്ള ധനസഹയം, ശുദ്ധജല സംരക്ഷണവുമായി ബന്ധപ്പെട്ട കിണർ നിർമ്മാണം, പ്രധാൻമന്ത്രി ആവാസ് യോജന (പദ്ധതി തയ്യാറാക്കിയിട്ടുണ്ട്) തുടങ്ങിയ സേവന മേഖലക്ക് ഗ്രാമപഞ്ചായത്ത് അർഹിക്കുന്ന പ്രാധാന്യം നൽകിയിട്ടില്ല. അതുപോലെ ഐ.സി.ഡി.എസ്.

സൂപ്പർവൈസർ നിർവ്വഹണോദ്യോഗസ്ഥനായി പകൽവീട് സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ 296നമ്പർ പദ്ധതിയിലുൾപ്പെടുത്തി 119734/-രൂപ അടങ്കൽ നിശ്ചയിച്ച് പദ്ധതി തയ്യാറാക്കിയെങ്കിലും ആയത് നടപ്പിലാക്കിയിട്ടില്ല.

4). പശ്ചാത്തലമേഖല (നിർവ്വഹണം - അസി.എഞ്ചിനീയർ)

അസി.എഞ്ചിനീയർ ത.സ്വ.ഭ.വ. നിർവ്വഹണോദ്യോഗസ്ഥനായി 46281709/-രൂപ അടങ്കലിൽ 103പ്രജക്ടുകൾക്ക് അംഗീകാരം വാങ്ങിയെങ്കിലും 6789518/-രൂപ ചെലവ് ചെയ്ത് 31പ്രജക്ടുകൾ മാത്രമാണ് ഗ്രാമപഞ്ചായത്ത് പശ്ചാത്തലമേഖലയിൽ നടപ്പിലാക്കിയത്. ഇതിൽ 15 എണ്ണം സ്പിൽ ഓവർ പ്രോജക്ടുകളാണ്. വെറും 16പ്രോജക്ടുകൾ മാത്രമാണ് 2016-17സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് പുതിയ പദ്ധതികളായി ആസൂത്രണം ചെയ്ത് നടപ്പിലാക്കിയിട്ടുള്ളത്. ഇത്തരത്തിൽ പദ്ധതികൾ ആസൂത്രണം ചെയ്ത് അടങ്കൽ തുക നിശ്ചയിച്ച് അംഗീകാരം വാങ്ങിയതിന് ശേഷം പദ്ധതികൾ നടപ്പിലാക്കാതിരിക്കുന്നത് വികസനപ്രവർത്തനങ്ങളോടുള്ള അധികൃതരുടെ നിരുത്തരവാദപരമായ സമീപനങ്ങളെയാണ് ചൂണ്ടിക്കാണിക്കുന്നത്. ഇത്തരം സമീപനങ്ങൾ സാമൂഹ്യപുരോഗതിയെ ഗുരുതരമായാണ് ബാധിക്കുന്നത്.

മേൽ ക്രമനമ്പർ 1മുതൽ 3വരെ പറഞ്ഞിട്ടുള്ള പദ്ധതി വിലയിരുത്തൽ അധികൃതർ പ്രത്യേകം ശ്രദ്ധിക്കേണ്ടതും ഭരണസമിതിയിൽ ചർച്ചക്ക് വിധേയമാക്കേണ്ടതുമാണ്. ഭാവിയിൽ ഇത്തരം പദ്ധതി നിർവ്വഹണ വിരുദ്ധ സമീപനങ്ങളുണ്ടാകാതെ ഫണ്ടിന്റെ ലഭ്യതക്കനുസരിച്ച് പദ്ധതികൾ ആസൂത്രണം ചെയ്ത് തുക വകയിരുത്തുവാനും അംഗീകാരം ലഭിക്കുന്ന മുറക്ക് ആസൂത്രണം ചെയ്യുന്ന മുഴുവൻ പദ്ധതികളും സമയബന്ധിതമായി പൂർത്തിയാക്കി പദ്ധതി ലക്ഷ്യം കൈവരിക്കുവാനും അധികൃതർ

പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിൽ മേൽ ചൂണ്ടിക്കാണിച്ച അപാകങ്ങൾ ആവർത്തിക്കാതെ ഇരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-5 പൊതുടാപ്പുകളുടെ വെള്ളക്കരം - സംയുക്ത പരിശോധന നടത്തിയിട്ടില്ല

ഗ്രാമപഞ്ചായത്തിൽ പൊതുടാപ്പുകളുടെ വെള്ളക്കരമായി പ്രതിമാസം 1,17,688/-രൂപ അടച്ച് വരുന്നു. ആകെ 269ടാപ്പുകൾക്കാണ് പ്രസതുത തുക അടവാക്കുന്നത്. ഭൂരിഭാഗം ടാപ്പുകളും പ്രവർത്തനരഹിതമാണെന്നും അതിനാൽ സംയുക്ത പരിശോധനക്കുള്ള ക്രമീകരണം നടത്തണമെന്നും പലതവണ വാട്ടർ അതോറിറ്റിയോട് അഭ്യർഥിച്ചതായും 27-08-2016ലെ V (10) നമ്പർ കമ്മിറ്റി തീരുമാനത്തിൽ പറയുന്നു. സംയുക്ത പരിശോധന നടത്താത്ത പക്ഷം പ്രവർത്തനക്ഷമമായ ടാപ്പുകൾക്ക് മാത്രം വെള്ളക്കരം ഈടാക്കാൻ പാറശ്ശാല വാട്ടർ അതോറിറ്റിയിൽ അപേക്ഷ നൽകുവാനും പ്രസ്തുത കമ്മിറ്റിയിൽ തീരുമാനിച്ചിട്ടുണ്ട്. നിലവിൽ പൊതുടാപ്പുകൾക്ക് മീറ്റർ സ്ഥാപിക്കുന്ന കാര്യം കമ്മിറ്റി പരിഗണിച്ചിട്ടില്ലെന്ന് ഓഡിറ്റ് എൻക്വയറി നം.7ന് നൽകിയ മറുപടിയിൽ പറയുന്നു. കേരള വാട്ടർ അതോറിറ്റിയുമായി സംയുക്ത പരിശോധന നടപ്പിലാക്കാനുള്ള അടിയന്തിര നടപടി അധികൃതർ സ്വീകരിക്കേണ്ടതാണ്.

## 3-6 ഹരിത കേരള മിഷൻ ഫണ്ട് പദ്ധതി മാതൃകാപരം - പൂർണമായും നടപ്പിലാക്കേണ്ടതാണ്

സർക്കാർ ഉത്തരവ് നം.3233/16/ത.സ്വ.ഭ.വ, 27-11-2016ൽ ഓരോ പഞ്ചായത്തിനും ഹരിത കേരള മിഷൻ സംഘാടനത്തിനും പ്രചാരണത്തിനുമായി തനതുഫണ്ട്/പൊതു വിനിയോഗ ഫണ്ടിൽ നിന്ന് ചെലവഴിക്കുവാൻ അനുമതി നൽകിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ ഹരിത കേരള മിഷൻ ഫണ്ടിൽ ഉൾപ്പെടുത്തി വാർഡൊന്നിന് 5000/-രൂപ ഉപയോഗപ്രദമായ രീതിയിൽ വിനിയോഗിക്കുവാൻ തീരുമാനിച്ചു. പഞ്ചായത്ത് ഗ്രീൻ പ്രോട്ടോകോൾ പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ ആദ്യപടിയായി ടി ഫണ്ടുപയോഗിച്ച് 16 ഗ്രാമകേന്ദ്രങ്ങൾക്കും 50സ്റ്റീൽ പ്ളേറ്റും 50ഗ്ളാസ്സും വാങ്ങി നല്കി. തുച്ഛമായ നിരക്കിൽ പൊതുജനങ്ങൾക്ക് പാത്രങ്ങൾ വാടകക്ക് നൽകാനും അതുവഴി പ്ലാസ്റ്റിക് നിരോധനത്തിനും തുടക്കം കുറിക്കാനുമാണ് ഉദ്ദേശിച്ചിട്ടുള്ളത്. ടി പദ്ധതി മാതൃകാപരവും ശ്ലാഘനീയവുമാണ്. എന്നാൽ പാത്രങ്ങൾ വാടകക്ക് നൽകുന്നതിന് ഏകീകൃത നിരക്ക് നിശ്ചയിച്ചിട്ടില്ല. സ്റ്റോക്ക് രജിസ്റ്റർ പ്രകാരം പാത്രങ്ങൾ അതാതു വാർഡ് മെമ്പർമാർ കൈപ്പറ്റിയിട്ടുണ്ട്. എന്നാൽ കുറേയധികം പാത്രങ്ങൾ സെക്രട്ടറിയുടെ മുറിയിൽ അടുക്കി വെച്ചിരിക്കുന്നതായിക്കണ്ടു. തൊട്ടടുത്ത പഞ്ചായത്ത് കമ്മിറ്റിയിൽ ടി വിഷയം ചർച്ച ചെയ്ത് വാടകക്ക് നൽകുന്നതിന് ഏകീകൃത നിരക്ക് നിശ്ചയിക്കുന്നതാണെന്ന് ഓഡിറ്റ് എൻക്വയറി നം.6ന് നൽകിയ മറുപടിയിൽ അധികൃതർ വ്യക്തമാക്കിയിട്ടുണ്ട്. ടി പദ്ധതിയെ സംബന്ധിച്ച് പഞ്ചായത്ത് മേഖലയിൽ പ്രചാരണ നൽകുന്നതും ഉചിതമായിരിക്കും.

## 3-7 സി.ഡി.എസ് - ഓഫീസ് കെട്ടിടത്തിൽ സൂക്ഷിച്ചിരിക്കുന്ന തയ്യൽ മെഷീനുകൾ ലേലം ചെയ്തിട്ടില്ല

പഞ്ചായത്ത് കമ്മിറ്റിയുടെ 25-05-2016ലെ I (3) നമ്പർ തീരുമാനത്തിൽ കുറ്റിയനിക്കാട് സി.ഡി.എസ്.ഓഫീസ് കെട്ടിടത്തിൽ കേടായി കിടക്കുന്ന തയ്യൽ മെഷീനുകൾ ലേലം ചെയ്യുന്നതിന്

വാല്യുവേഷൻ ലഭ്യമാക്കുന്നതിന് അസി.എഞ്ചിനിയറെ ചുമതലപ്പെടുത്തുവാൻ തീരുമാനിച്ചു. എന്നാൽ ഓഡിറ്റ് ടീം നടത്തിയ സ്ഥലപരിശോധനയിൽ മെഷീനുകൾ ടി ഓഫീസിന്റെ സ്റ്റെയർകേസിനു താഴെ സൂക്ഷിച്ചിരിക്കുന്നതായിക്കണ്ടു. വർഷങ്ങളായി ഉപയോഗശൂന്യമായി കിടക്കുന്ന ടി മെഷീനുകൾ ലേലം ചെയ്തു നൽകുവാൻ ആവശ്യമായ അടിയന്തിര നടപടികൾ അധികൃതർ സ്വീകരിക്കേണ്ടതാണ്.

## 3-8 സി.ഡി.എസ്. മന്ദിരം - ഹാൾ അനധികൃതമായി വാടകക്ക് നൽകുന്ന പ്രവണത ഒഴിവാക്കേണ്ടതാണ്

28-06-2016ലെ പഞ്ചായത്ത് കമ്മിറ്റി യോഗത്തിന്റെ അജണ്ടയിൽ "സി.ഡി.എസ്. ഹാൾ വാടകക്ക് നൽകിയ ഇനത്തിൽ ലഭിച്ച തുക പഞ്ചായത്തിൽ ഒടുക്കുന്നതിന് ആവശ്യപ്പെട്ടു നൽകിയ തീരുമാനം നടപ്പിലാക്കാൻ സാധിക്കില്ലായെന്ന മെമ്പർ സെക്രട്ടറിയുടെ കത്ത് "എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. സി.ഡി.എസ്. കെട്ടിടത്തിന്റെ ഹാൾ പഞ്ചായത്ത് അറിയാതെ വാടകക്ക് നൽകിയതിനെ തുടർന്ന് ടി വാടകതുക പഞ്ചായത്തിലടക്കാൻ സി.ഡി.എസ്സിനോട് കമ്മിറ്റി അവശ്യപ്പെട്ടിരുന്നു. എന്നാൽ തുക പഞ്ചായത്തിൽ അടച്ചിട്ടില്ല. ഈ രീതി ആവർത്തിക്കാതിരിക്കാൻ സി.ഡി.എസ്. ഹാളിന് പഞ്ചായത്ത് കമ്മിറ്റി വാടക നിശ്ചയിച്ച് തീരുമാനമെടുക്കുകയും ടി നിരക്കിൽ വാടകയ്ക്ക് നൽകേണ്ടതുമാണ്.

## 3-9 ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ - നാളിതുവരെ മരുന്ന് ലഭ്യമായിട്ടില്ല

പ്രോജക്റ്റ് നം. - SO114/17

അടങ്കൽ തുക - 150000

ചെലവ് തുക - 150000

നിർവ്വഹണോദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ (ഹോമിയോ)

ബിൽ നം. - 01/16-17, തിയതി. 27-01-2017

ഡി.ഡി. നം, തിയതി - ലഭ്യമല്ല

'ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ' എന്ന പ്രോജക്റ്റ് പ്രകാരം ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങുന്നതിലേക്കായി 1,50,000/-രൂപയുടെ ട്രഷറി ബിൽ 30-01-2017ന് കേരള സ്റ്റേറ്റ് ഹോമിയോപതി സഹകരണ ഫാർമസിയുടെ 09960200009299 അക്കൌണ്ടിൽ ക്രഡിറ്റ് ചെയ്തു. എന്നാൽ പ്രസ്തുത സ്ഥാപനം നാളിതുവരെ മരുന്ന ലഭ്യമാക്കിയിട്ടില്ലായെന്ന് മെഡിക്കൽ ഓഫീസർ ഓഡിറ്റിന് നേരിട്ട് മറുപടി നല്കിയിട്ടുണ്ട്. ഇതേ ഓഡിറ്റ് പരാമർശം 2015-16സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലും ഉൾപ്പെടുത്തിയിട്ടുണ്ട്. കേന്ദ്രീകൃത രീതിയിലുള്ള വാങ്ങൽ നടത്തി ആരോഗ്യസ്ഥാപനങ്ങളിലേക്ക് മരുന്നുകൾ ലഭ്യമാക്കുകയെന്നത് ബന്ധപ്പെട്ട വകുപ്പുകളുടെ ചുമതലയാണ്. എന്നാൽ വകുപ്പ് മുഖേന വിതരണം ചെയ്ത് വരുന്ന മരുന്നുകൾ പര്യാപ്തമായ രീതിയിൽ ലഭിക്കുന്നില്ലെങ്കിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന് മരുന്നുകൾ വാങ്ങി ആരോഗ്യ സ്ഥാപനത്തിലെ മരുന്ന് വിതരണത്തിന്റെ കാര്യക്ഷമത ഉറപ്പ് വരുത്താവുന്നതാണെന്ന് 11-01-2016ലെ ജി.ഒ(എം.എസ്)4/2016/ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവ് നിഷ്ക്കർഷിച്ചിട്ടുണ്ട്. മരുന്നുകൾ ഹോമിയോ ആശുപത്രിക്ക് അടിയന്തിരമായി ലഭ്യമാക്കാൻ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

## 3-10 ഇടവാൽ ശിശുമന്ദിരം, കുറ്റിയാനിക്കാട് അംഗനവാടി - ഭൗതിക സാഹചര്യം മെച്ചപ്പെടുത്തേണ്ടതാണ്

2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്തിന് കീഴിലുള്ള ഒറ്റശേഖരമംഗലം, ഇടവാലിൽ പ്രവർത്തിക്കുന്ന ശിശുമന്ദിരം, കുറ്റിയാനിക്കാട് മേഖലയിൽ പ്രവർത്തിക്കുന്ന 31-ാം നമ്പർ അംഗനവാടി എന്നിവ 22-05-2017തിയതിയിൽ ഓഡിറ്റ് വിഭാഗം നേരിൽ പരിശോധിക്കുകയുണ്ടായി. പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ കൊടുത്തിരിക്കുന്നു.

എ) ഇടവാൽ ശിശുമന്ദിരം

14 കുട്ടികൾ പഠിക്കുന്നതും രണ്ടാം നിലയിൽ പ്രവർത്തിക്കുന്നതുമായ പ്രസ്തുത ശിശുമന്ദിരത്തിൽ അടുക്കള, സ്റ്റോർ മുറി, കുട്ടികളുടെ പഠനമുറി, വിശ്രമമുറി എന്നിവയെല്ലാം ഒരൊറ്റ ഹാളിലാണ് ഒരുക്കിയിട്ടുള്ളത്.ഗ്യാസ് കൊണ്ട് പ്രവർത്തിക്കുന്ന അടുക്കള ഹാളിൽ തന്നെയായതിനാൽ കുട്ടികളുടെ സുരക്ഷക്ക് ഇത് ഒരു ഭീഷണിയാണ്. ഇതിനടുത്ത് തന്നെയാണ് സ്റ്റോർ മുറിയും പ്രവർത്തിച്ചു വരുന്നത്. കുട്ടികൾക്ക് ടോയ്‌ലറ്റ് സൗകര്യം ഒരുക്കിയിട്ടുള്ളത് താഴത്തെ നിലയിലാണ്. ഇവിടെ പ്രവർത്തിക്കുന്ന ബഡ്സ് സ്കൂളിലെ ടോയ്‌ലറ്റാണ് ശിശുമന്ദിരത്തിലെ കുട്ടികളും ഉപയോഗിച്ച് വരുന്നത്. മഴപെയ്താൽ കെട്ടിടത്തിൽ കാറ്റ്കൊണ്ട് വെള്ളം കയറി നിലവിലെ സൗകര്യങ്ങൾ താറുമാറാകുന്ന അവസ്ഥയാണ്. ആയതിനാൽ ശിശുമന്ദിരത്തിന്റെ നിലവിലെ അവസ്ഥ അധികൃതർ ഗൗരവമായി പരിഗണിച്ച് അടുക്കള, സ്റ്റോർ മുറി എന്നിവ പ്രത്യേകം സജ്ജമാക്കേണ്ടതും ടോയ്‌ലറ്റ് സൗകര്യം രണ്ടാം നിലയിൽ

ഏർപ്പെടുത്തേണ്ടതുമാണ്.

ബി) കുറ്റിയാനിക്കാട് അംഗനവാടി

പ്രസ്തുത അംഗനവാടിയിൽ ( നം. 31) നിലവിൽ 22കുട്ടികൾ പഠിക്കുന്നു.അടുക്കളയോട് ചേർന്നാണ് ബാത്ത്റൂമും പ്രവർത്തിക്കുന്നത്. അടുക്കളയുടെ മേൽക്കൂര സുരക്ഷിതമായല്ല സ്ഥാപിച്ചിട്ടുള്ളത്. മഴ പെയ്താൽ ചോർച്ചയുണ്ടാകാൻ സാധ്യത വളരെ കൂടുതലാണ്. 22കുട്ടികളെ ഉൾക്കൊള്ളുവാൻ സൗകര്യമുള്ള ഒരു കെട്ടിടമല്ല ടി അംഗനവാടി. ജനാലകൾ ഇളകിയ അവസ്ഥയിലായതിനാൽ തുറന്നിടാറില്ല. ആയതിനാൽ ഹാളിനകത്തേക്ക് കാറ്റും വെളിച്ചവും ലഭിക്കുന്നില്ല. മുൻവശത്തെ പ്രധാന വാതിൽ അടച്ചിട്ടിരിക്കുന്നതിനാൽ ഇതും ഹാളിനകത്തേക്കുള്ള വായുസഞ്ചാരത്തിന് തടസ്സം സൃഷ്ടിക്കുന്നു. കൂടാതെ കുട്ടികൾ അവരുടെ ചെരുപ്പുകൾ സൂക്ഷിച്ചിരിക്കുന്നത് അടുക്കളയിലാണ്. ഇതിന് മറ്റൊരു സ്ഥലം കണ്ടെത്തേണ്ടതാണ്. കുട്ടികളുടെ ശാരീരികവും മാനസികവുമായ വളർച്ചക്ക് നിലവിലെ സ്ഥലം പരിമിതമാണ്. ആയതിനാൽ സ്ഥലസൗകര്യം മെച്ചപ്പെടുത്തി അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 3-11 മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

മുന്നിരിപ്പ് - 2221

വരവ് - 66075955 (ഇ.എഫ്.എം.എസ് + അലോട്ട്മെന്റ്)

ആകെ - 66078176

ചെലവ് - 66064230

നീക്കിയിരിപ്പ് - 13946

ആകെ തൊഴിൽ കാർഡുകൾ - 5258

ആകെ തൊഴിൽ ദിനം - 197234

ആകെ തൊഴിൽ നൽകിയത് - 3508

100 ദിനം പൂർത്തിയാക്കിയത് - 90

നടപ്പിലാക്കിയ ആകെ പദ്ധതികൾ - 250

അവിദഗ്ധമേഖലയിൽ തൊഴിൽ ഉറപ്പ് വരുത്തിക്കൊണ്ട് ഗ്രാമീണ കുടുംബങ്ങളുടെ ഉപജീവനവും സുരക്ഷിതത്ത്വവും ഉറപ്പ് വരുത്തുക, സ്ഥായിയായ ആസ്തികൾ സൃഷ്ടിക്കുക എന്നിവയാണ് തൊഴിലുറപ്പ് പദ്ധതിയുടെ ആത്യന്തിക ലക്ഷ്യം. എന്നാൽ തൊഴിൽ കാർഡ് നേടിയ 5258കുടുംബങ്ങളിൽ 90കുടുംബങ്ങൾക്ക് മാത്രമാണ് 100 ദിനം തൊഴിൽ പൂർത്തിയാക്കാൻ കഴിഞ്ഞിട്ടുള്ളത്. 250പദ്ധതികൾ നടപ്പിലാക്കി 197234തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചുവെങ്കിലും 3508 പേർക്കാണ് പദ്ധതി പ്രകാരം തൊഴിൽ നൽകിയിട്ടുള്ളത്. വരും വർഷങ്ങളിൽ തൊഴിൽ കാർഡ് നേടിയ മുഴുവൻ പേർക്കും പരമാവധി തൊഴിൽ ദിനങ്ങൾ ഉറപ്പ് വരുത്തുവാൻ അധികൃതർ ശ്രദ്ധിക്കേണ്ടതാണ്.

250പദ്ധതികൾ നടപ്പലാക്കിയിട്ടും ആസ്തി സൃഷ്ടിക്കുന്ന ഒരു പ്രവൃത്തി പോലും നിർവ്വഹിച്ചിട്ടില്ല

ജി.ഒ(ആർ.ടി)334/12/ത.സ്വ.ഭ.വ, തിയതി.02-02-2012പ്രകാരം നടപ്പിലാക്കുന്ന ആകെ

പ്രവൃത്തികളുടെ 10%തുക വിനിയോഗിച്ച് ഗ്രാമങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന റോഡുകൾ, ഒരു ഗ്രാമത്തിലെ ആവാസ കേന്ദ്രങ്ങളിലൂടെയുള്ള റോഡുകൾ എന്നിവ ഏറ്റെടുക്കേണ്ടതാണ്. എന്നാൽ മേൽ സൂചന പ്രകാരം ആസ്തികൾ സൃഷ്ടിക്കുന്ന യാതൊരു പ്രവൃത്തിയും ഗ്രാമപഞ്ചായത്ത് നിർവ്വഹിച്ചിട്ടില്ല. ആയത് പദ്ധതി നിർവ്വഹണത്തിലെ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. ഭാവിയിൽ ആസ്തികൾ സൃഷ്ടിക്കുന്ന പ്രവൃത്തികൾക്കും പ്രാധാന്യം നൽകി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതാണ്.

## 3-12 ആയുർവ്വേദ ആശുപത്രിക്ക് ഡി.ഡി.പ്രകാരമുള്ള മുഴുവൻ തുകക്കും മരുന്ന് ലഭ്യമാക്കിയിട്ടില്ല- 260746/-രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്റ്റ് നം. - SO141/17

പ്രോജക്റ്റ് പേര് - ആയുർവ്വേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ

പ്രോജക്ട അടങ്കൽ - 600000

പ്രോജക്റ്റ് ,ചെലവ് - 600000

നിർവ്വഹണോദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ (പി.എച്ച്.സി/സി.എച്ച്.സി)

ബിൽ നം. - 2/16-17, തിയതി. 27-12-2016

ഡി.ഡി.നം. - 709685, തീയതി. 22-08-2016, 100000 രൂപ
709841, തീയതി. 03-01-2017, 500000 രൂപ

ഗ്രാമപഞ്ചായത്തിന് കീഴിലുള്ള ആയുർവ്വേദ ആശുപത്രിക്ക് മരുന്ന് ലഭ്യമാക്കുവാൻ 2016-17വർഷം ട്രഷറിയിൽ നിന്നും 600000/-രൂപ പിൻവലിച്ച് മേൽ സൂചിപ്പിച്ച ഡി.ഡി.പ്രകാരം ഔഷധി ഫാർമസ്യൂട്ടിക്കൽ കോർപ്പറേഷൻ, തൃശ്ശൂർ എന്ന സ്ഥാപനത്തിന് അയച്ചതിൽ നാളിതുവരെയായി 3,39,254/-രൂപയുടെ മരുന്ന് മാത്രമാണ് ആശുപത്രിക്ക് ലഭിച്ചിട്ടുള്ളത്. 2,60,746/-രൂപയുടെ മരുന്ന് ഔഷധിയിൽനിന്നും ആശുപത്രിക്ക് ഇനിയും ലഭിക്കുവാനുണ്ട്. പ്രസ്തുത വിഷയം സംബന്ധിച്ച 11/17നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മരുന്നുകൾ കുറവുള്ളതിനാലാണ് കിട്ടാത്തതെന്നും ആയത് 1മാസത്തിനകം വിതരണം ചെയ്തുകൊള്ളാമെന്ന് ഔഷധിയിൽ നിന്നും വിവരം ലഭിച്ചിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ലഭ്യമായ മരുന്നിനെ സംബന്ധിച്ച വിവരങ്ങളാണ് ചുവടെ കൊടുത്തിരിക്കുന്നത്.

1. ഇന്റന്റ് നം. - 878/16-17, തിയതി. 30-08-2016, 100000/-രൂപ

2. ഇന്റന്റ് നം. - 1515/16-17, തിയതി. 19-01-2017, 127520/-രൂപ,

3. ഇന്റന്റ് നം. - 2530/16-17, തിയതി. 31-03-2017, 111734/-രൂപ

മേൽ ക്രമ നമ്പർ 1-ലെ 1,00,000/-രൂപക്കുള്ള മരുന്ന് പദ്ധതി നിർവ്വഹിക്കുന്നതിന് മുമ്പ് പഞ്ചായത്തിന്റെ തനതുഫണ്ടിൽ നിന്ന് പിൻവലിക്കുകയും പദ്ധതി നടപ്പിലായപ്പോൾ പ്രസ്തുത തുക ബിൽ പ്രകാരം പിൻവലിച്ച് 1,00,000/-രൂപ തനതുഫണ്ടിൽ റീക്കുപ്പ് ചെയ്യുകയും ശേഷിക്കുന്ന5,00,000/-രൂപ ഔഷധിക്ക് അയച്ചുകൊടുക്കുകയും ചെയ്തു. ഔഷധിയിൽ നിന്ന് ലഭിക്കേണ്ട ബാക്കി 2,60,746/-രൂപയുടെ മരുന്ന് അടിയന്തിരമായി ലഭ്യമാക്കേണ്ടതാണ്. മരുന്ന് ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കുന്നതുവരെ പ്രസ്തുത തുക (2,60,746/-രൂപ) തടസ്സത്തിൽ

വെക്കുന്നു. ഭാവിയിൽ ഇത്തരത്തിൽ ലഭ്യമാകാത്ത മരുന്നുകൾക്ക് മുൻകൂർ തുക/വില നൽകുന്ന പ്രവണത ഒഴിവാക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ഇല്ല | | | | | |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയ തിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം./ ചെക്ക്നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| 1 | കേരള വാട്ടർ അതോറിറ്റി | ചെമ്പൂര് മാർക്കറ്റ് ടോയ്ലറ്റ്-വാട്ടർ കണക്ഷൻ | ലഭ്യമല്ല | 50000 | - | പൂർത്തിയായിട്ടില്ല |
| 2 | കേരള വാട്ടർ അതോറിറ്റി | അങ്കണവാടി വാട്ടർ കണക്ഷൻ | ലഭ്യമല്ല | 28300 | - | പൂർത്തിയായിട്ടില്ല |
| 3 | കേരള വാട്ടർ അതോറിറ്റി | കീഴാറൂർ മാർക്കറ്റ് ടോയ്ലറ്റ് -വാട്ടർ കണക്ഷൻ | ലഭ്യമല്ല | 25000 | - | പൂർത്തിയായിട്ടില്ല |
| 4 | കെ.എസ്.ഇ.ബി. | പോസ്റ്റ് മാറ്റി വക്കൽ | ലഭ്യമല്ല | 290752 | - | പൂർത്തിയായിട്ടില്ല |
| 5 | കെ.എസ്.ഇ.ബി. | തെരുവ് വിളക്കിന് ലൈൻ വലിക്കൽ | ലഭ്യമല്ല | 1506325 | - | പൂർത്തിയായിട്ടില്ല |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നം./തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്. ഭവന പദ്ധതി | സ.ഉ (സാ) നം.275/2010 ത.സ്വ.ഭ.വ തീയതി 27.01.2010 | 13014000 | 5205600 | 1301400 | - | 3904200 |

# 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

# 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം. /തീയതി |
|---|---|---|---|---|
| 2002-03 | 3-5 | 750 | ശ്രീ.റ്റൈറ്റസ്, എച്ച്.സി | 11605102332, 24-11-2016 |
| 2003-04 | 3-3 | 500 | ശ്രീ.റ്റൈറ്റസ്, എച്ച്.സി | 11605102332, 24-11-2016 |
| ആകെ | | 1250 | | |

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| ഇല്ല | | | | | |

# 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 5,87,11,867/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 4,98,25,059/- |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |

| | | |
|---|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 2,60,746/- |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ക്രമ നം. | ഖണ്ഡിക നം. | നഷ്ടമായതുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|---|
| | | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| ഇല്ല | | | | |

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ക്രമ നം. | ഖണ്ഡിക നമ്പർ | തടസ്സപ്പെടുത്തിയ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 1 | 3-15 | 260746 | ഡോ. മഞ്ജുമോഹൻദാസ്,<br>മെഡിക്കൽ ഓഫീസർ, പി.എച്ച്,സി. |
| | ആകെ | 260746 | - |

(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| ക്രമ നം. | പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക വിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|---|
| 1 | ശ്രീമതി. മിത്ര.വി,<br>അസി.എഞ്ചിനീയർ | - | ശ്രീമതി. മിത്ര.വി,<br>സൗപർണിക, വെള്ളച്ചാൽ,<br>കോടക്കാട് പി.ഒ,<br>കാസറഗോഡ് ജില്ല. |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2000-01 | എൽ.എഫ്.റ്റി.ഡി.ജി.പി 2/2126/, 10-10-2003 | 16 | |

| | | | |
|---|---|---|---|
| 2001-02 | എൽ.എഫ്.റ്റി.ഡി.ജി.പി 2/760/2003, 6-4-04 | 6 | |
| 2002-03 | എൽ.എഫ്.റ്റി.ഡി.ജി.പി 2/1137/04, 2-12-05 | 19 | |
| 2003-04 | എൽ.എഫ്.റ്റി.ഡി.ജി.പി 2/1486/15, 17-02-07 | 7 | |
| 2004-05 | എൽ.എഫ്.റ്റി.ഡി.ജി.പി 2/285/08, 16-10-08 | 7 | |
| 2005-06 | എൽ.എഫ്.റ്റി.ഡി.ജി.പി 2/286/08,16-10-2008 | 4 | |
| 2006-07 | എൽ.എഫ്.റ്റി.ഡി.ജി.പി2/369/2010, | 2 | |
| 2007-08 | എൽ.എഫ്.റ്റി.ഡി.ജി.പി2/370/2010, 31-8-10 | 12 | |
| 2008-09 | എൽ.എഫ്.റ്റി.ഡി.ജി.പി2//2169/11, 03-04-12 | 4 | |
| 2009-10 | എൽ.എഫ്.റ്റി.ഡി.ജി.പി2/2165/2011, 3-4-12 | 7 | |
| 2010-11 | എൽ.എഫ്.റ്റി.ഡി.ജി.പി2/308/13, 5-4-13 | 6 | |
| 2011-12 | എൽ.എഫ്.റ്റി.ഡി.ജി.പി2/648 /2013,09-07-13 | 9 | |
| 2012-13 | എൽ.എഫ്.റ്റി.ഡി.ജി.പി2/1028/2014, 14-1-15 | 7 | |
| 2013-14 | കെ.എസ്.എ.റ്റി.വി.എം.ജി.പി/2/2025/15, 7-12-15 | 8 | |
| 2014-15 | കെ.എസ്.എ.റ്റി.വി.എം.ജി.പി./2/1152/16 18-07-16 | 8 | |
| 2015-16 | കെ.എസ്.എ.റ്റി.വി.എം.ജി.പി./2 /1936/2016, 15-11-2016 | 10 | |

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം - 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തിരുവനന്തപുരം ജില്ലയിലെ ആര്യങ്കോട് ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ, എന്റെ അഭിപ്രായത്തിൽ ആര്യങ്കോട് ഗ്രാമ പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

## ന്യൂനതകളുടെ സംഗ്രഹം

1. ആസ്തി, സ്റ്റോക്ക് എന്നിവ മൂല്യാധിഷ്ഠിതമായി പരിപാലിച്ചിട്ടില്ല.
2. വാർഷിക റീകൺസിലിയേൻ സ്റ്റേറ്റ്മെൻ്റുകൾ -ബാങ്ക്, ട്രഷറി - ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.
3. ഐ.സി.ഡി.എസ്. സെൻട്രൽ ഷെയർ, ടോട്ടൽ സാനിട്ടേഷൻ, തണൽ എന്നിവയ്ക്ക് പ്രത്യേകം അക്കൗണ്ടുകൾ പരിപാലിക്കാതെ തനതു ഫണ്ടിലാണ് സൂക്ഷിച്ചു വരുന്നത്.
4. ഐ.സി.ഡി.എസ്. രണ്ടാം സെൻട്രൽ ഷെയറായി ലഭിച്ച 3,22,256/-രൂപ ഓഡിറ്റിന് ഹാജരാക്കിയ എക്സ്പെൻ്റിച്ചർ സ്റ്റേറ്റ്മെൻ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. കൂടാതെ പ്രസ്തുത തുക ആകെ ചെലവിനോടൊപ്പം കൂട്ടിക്കാണിച്ചിട്ടുമില്ല.

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്